ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/03/2015*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*

# സത്യപ്രകാശം വൈദിക ശിൽപശാല

**വെള്ളിനേഴി:** ആര്യസമാജത്തിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജിജ്ഞാസുക്കളായ യുവാക്കൾക്കായി ഒരു വൈദിക ശിൽപ്പശാല 2015 ഏപ്രിൽ 23 മുതൽ 27 വരെ നടത്തുന്നു.

പ്ലസ് 2 പാസ്സായവരും വൈദികവിഷയങ്ങളിൽ അഭിരുചിയുള്ളവരും വേദപ്രചാരപ്രവർത്തനത്തിന് പൂർണ്ണസമയം പ്രവർത്തിക്കാൻ താൽപര്യമുള്ളവരും മാത്രം ഈ ശിബിരത്തിന് അപേക്ഷിച്ചാൽ മതി. ആര്യജഗത്തിലെ ഉന്നത പണ്ഡിതർ നയിക്കുന്ന ഈ ശിൽപ്പശാലയിൽ സന്ധ്യാവന്ദനം, അഗ്നിഹോത്രം, വേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ, ധ്യാനം, മതങ്ങളുടെ താരതമ്യപഠനം, ശാസ്ത്രാർത്ഥം നടത്താനുള്ള പരിശീലനം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതി ഉണ്ടായിരിക്കും. ശിബിരം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന വിദഗ്ധ പരിശീലനവും (അംഗീകൃത ബിരുദ/ബിരുദാനന്തര ബിരുദത്തിന് തുല്യം) നൽകുന്നതാണ്. താമസം ഭക്ഷണം എന്നിവ സൗജന്യമായിരിക്കും. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ഏപ്രിൽ 10 ന് മുമ്പായി പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 9562529095, 9446017440.

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | സന്ധ്യോപാസനയും അഗ്നിഹോത്രവും | – | ₹ 60.00 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95.00 |
| (3) | ആര്യോദയം | – | ₹ 10.00 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10.00 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10.00 |
| (6) | വൈദിക നിത്യകർമ്മ വിധി | – | ₹ 20.00 |
| (7) | Vedas in Story form and Chaturvarnyam | – | ₹ 35.00 |
| (8) | Dayananda the Great | – | ₹ 5.00 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 2 ലക്കം 9

വേദ സൃഷ്ടി സംവത്സരം 1972949115 – 16 കലിവർഷം 5116 – 17 ഫാൽഗുനം – ചൈത്രം
1190 കുംഭം – മീനം 2015 മാർച്ച്

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹ 1000/-









## അനശ്വര രക്തസാക്ഷികൾ

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

- **മാർച്ച് 6 – പണ്ഡിറ്റ് ലേഖ്റാം രക്തസാക്ഷിദിനം**
- **മാർച്ച് 19 – പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി സ്മൃതി ദിനം**
- **മാർച്ച് 21 – വൈദിക നവവർഷാരംഭം**
- **മാർച്ച് 23 – സർദാർ ഭഗത്സിംഗ്, സുഖ്ദേവ്, രാജ്ഗുരു രക്തസാക്ഷിദിനം**

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



## *മണ്ഡലം 1 സൂക്തം 4*

*മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ വിരാഡ് ഗായത്രീച്ഛന്ദഃ ഷഡ്ജഃ സ്വരഃ*

**പരേഹി വിഗ്രമസ്തൃതമിന്ദ്രം പൃച്ഛാ വിപശ്ചിതമ്।**

**യസ്തേ സഖിഭ്യ ആ വരമ്॥**

*(ഋഗ്വേദം 1.4.4)*

**പദാർത്ഥം:** അല്ലയോ വിദ്യയെ ആഗ്രഹിക്കുന്ന മനുഷ്യരെ! ഏതൊരു പണ്ഡിതനാണോ നിങ്ങൾക്കും (തേ) നിങ്ങളുടെ (സഖിഭ്യഃ) മിത്രങ്ങൾക്കും (ആവരമ്) ശ്രേഷ്ഠമായ വിജ്ഞാനങ്ങൾ നൽകുന്നത് ആ (വിഗ്രമ്) ശ്രേഷ്ഠബുദ്ധിമാനും (അസ്തൃതം) ഹിംസ തുടങ്ങിയ അധർമ്മരഹിത (ഇന്ദ്രമ്) വിദ്യാപരമൈശ്വര്യയുക്ത (വിപശ്ചിതമ്) യഥാർത്ഥസത്യവാദിയുമായ പണ്ഡിതന്റെ അടുത്ത് ചെന്ന് താങ്കളുടെ സംശയങ്ങൾ (പൃച്ഛ) ചോദിച്ച് അവയുടെ ശരിയായ ഉത്തരങ്ങൾ ഗ്രഹിച്ച് മറ്റുള്ളവർക്കും ഉപദേശം നൽകുക. എന്നാൽ അവിദ്വാനും മൂർഖനും ഈർഷ്യാ തുടങ്ങിയവ വെച്ചുപുലർത്തുന്ന കപടരും സ്വാർത്ഥികളുമായവരിൽ നിന്നും (പരേഹി) സദാ വിട്ടുനിൽക്കുക.

**ഭാവാർത്ഥം:** വേദാദ്ധ്യയനം ചെയ്തവരും പരമേശ്വരനെ ഉപാസിക്കുന്നവരും സത്യോപദേശം നൽകുന്നവരുമായ പണ്ഡിതൻമാരെ സമീപിച്ച് പ്രശ്നോത്തരിരൂപേണ തങ്ങളുടെ സർവ്വസംശയങ്ങളും ദൂരീകരിക്കുവാൻ മനുഷ്യർ ശ്രമിക്കണം. എന്നാൽ മൂർഖനായ മനുഷ്യരുടെ, സാമീപ്യത്തിൽ നിന്ന് വിട്ടുനിൽക്കുകയും അവരുടെ ഉത്തരങ്ങളിൽ ഒരിക്കലും വിശ്വാസം വെച്ചുപുലർത്തുകയുമരുത്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

## ബ്രാഹ്മണ ഗ്രന്ഥങ്ങൾ

സൃഷ്ടിയുടെ തുടക്കംമുതൽ ഋഷി- മുനിമാർ വേദങ്ങളുടെ വ്യഖ്യാനം സമയാസമയങ്ങളിൽ നടത്തിയിരുന്നു. ഈ വ്യാഖ്യാനങ്ങളുടെ സംഗ്രഹം മഹാഭാരതകാലത്തോടടുപ്പിച്ച് നടന്നു. ഏതു ഗ്രന്ഥങ്ങളിലാണോ ഈ സംഗ്രഹം ഉള്ളത് അവയെ ബ്രാഹ്മണഗ്രന്ഥങ്ങൾ എന്നു പറയപ്പെടുന്നു. ഇവയുടെ എണ്ണം വളരെ പറയപ്പെടുന്നുണ്ടെങ്കിലും ഇന്ന് ലഭ്യമായിട്ടുള്ളത് വളരെ കുറച്ച്മാത്രമാണ്.

(തുടരും)

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'*

*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 2** **ലക്കം 9**

**വേദ സൃഷ്ടി സംവത്സരം 1972949115-16 കലിവർഷം 5116-17 ഫാൽഗുനം-ചൈത്രം 1190 കുംഭം-മീനം 2015 മാർച്ച്**



**രക്ഷാധികാരി**

സ്വാമി പ്രണവാനന്ദ സരസ്വതി

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| ജീവിതം ഒരലയാഴി | : | 10 |
| സംശയനിവാരിണി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| ഉപദേശ മഞ്ജരി | : | 14 |
| മഹർഷി ദയാനന്ദ സരസ്വതി | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


# മുഖവാണി

## വൈദിക നവവത്സരാശംസകൾ



**വൈ**ദിക കാലഗണനയനുസരിച്ച് ഈ ചൈത്രമാസത്തിലെ ശുക്ലപ്രതിപദ ദിനത്തിൽ (2015 മാർച്ച് 21 ന്) വൈവസ്വതമന്വന്തരത്തിലെ (ഏഴാം മന്വന്തരം) 28-ാം മത് ചതുർയുഗത്തിൽ വരുന്ന കലിവർഷം 5117 ലേക്ക് പ്രവേശിക്കുകയാണ്. അതായത് 197, 29, 49, 116-ാം ആണ്ടിലേക്ക്. ഋഗ്വേദത്തിലെ പ്രസിദ്ധമായ അഘമർഷണമന്ത്രം സൃഷ്ടിയേക്കുറിച്ചും സംവത്സരത്തേക്കുറിച്ചും വ്യക്തമായ സൂചനനൽകുന്നുണ്ട്. മന്ത്രമിതാണ്.

ഓം ഋതം ച സത്യം ചാഭീദ്ധാത്തപസോഽധ്യജായത।
തതോ രാത്ര്യജായത തതഃ സമുദ്രോ അർണവഃ॥
സമുദ്രാദർണവാദധി സംവത്സരോ അജായത।
അഹോരാത്രാണി വിദധദ്വിശ്വസ്യമിഷതോ വശീ॥

(ഋഗ്വേദം 10.190.1-2)

അർത്ഥം: ഈശ്വരന്റെ ഋതം, സത്യം എന്നിവ കൊണ്ടും ജ്ഞാനമയ സാമർത്ഥ്യം കൊണ്ടും ഈ ലോകം പ്രകട

*സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യാമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

മായി. ആ സാമർത്ഥ്യം കൊണ്ടുതന്നെ പ്രളയരാത്രിയുമുണ്ടായി. അതിനുശേഷം ആകാശം, ജലം കൊണ്ടു നിറഞ്ഞു. ജലം നിറഞ്ഞ ആകാശത്തിനുശേഷം എല്ലാ പ്രാണികളേയും വസിപ്പിക്കുന്ന സംവത്സരം (കാലത്തെ) സൃഷ്ടിച്ചു. അഹോരാത്രങ്ങളേയും സൃഷ്ടിച്ചു.

ചൈത്രമാസത്തിലെ ശുക്ലപക്ഷത്തിലെ പ്രഥമദിനത്തിൽ സൂര്യോദയസമയത്ത് ബ്രഹ്മാവ് ജഗത് സൃഷ്ടി നടത്തി എന്ന് 'ഹിമാദ്രി' എന്ന ജ്യോതിഷഗ്രന്ഥത്തിൽ പറയുന്നു. ശ്ലോകം ഇപ്രകാരമാണ്.

ചൈത്രേ മാസി ജഗദ് ബ്രഹ്മാ സസർജ പ്രഥമേഽഹനി ।
ശുക്ലപക്ഷേ സമഗ്രന്തു സൂര്യോദയേ സതി ॥

പ്രസിദ്ധ ജ്യോതിഷാചാര്യനായിരുന്ന ഭാസ്കരാചാര്യരുടെ 'സിദ്ധാന്ത ശിരോമണി' എന്ന ഗ്രന്ഥത്തിൽ പറയുന്നു

ലങ്കാ നഗര്യാമുദയാച്ച ഭാനോസ്തസ്യൈവ വാരം പ്രഥമം ബഭൂവ ।
മധോഃ സിതാഭേർദിതമാസവർഷ യുഗാദികാനാം യുഗപൽപ്രവൃത്തിഃ ॥

ലങ്കാ നഗരിയിൽ സൂര്യോദയമുണ്ടായപ്പോൾ ആ വാരത്തിൽ അതായത് ആദിത്യവാരത്തിൽ ചൈത്രമാസ ശുക്ലപക്ഷത്തിന്റെ ആരംഭദിനത്തിൽ മാസം, വർഷം, യുഗം എന്നിവ ഒന്നിച്ച് ആരംഭിച്ചു.

ബ്രഹ്മദിനം, സൃഷ്ടിസംവത്സരം, വൈവസ്വതാദിമന്വന്തരാരംഭം, സത്യുഗാദി യുഗാരംഭം, കലിസംവത്സരം, വിക്രമസംവത്സരം എന്നിവയെല്ലാം ആരംഭിക്കുന്നത് ചൈത്രപ്രതിപദയിലാണ്. സൃഷ്ടിയുടെ ആരംഭം മുതൽ നവവത്സരാരംഭം ആഘോഷിക്കുന്ന രീതിയും തുടങ്ങി. നൂറ്റാണ്ടുകളോളം നീണ്ടുനിന്ന മുസ്ലീം ഭരണകാലത്ത് വൈദിക-സനാതന പദ്ധതികൾ ലോപിച്ചുപോയെങ്കിലും നവവത്സരം ആഘോഷിക്കുന്ന രീതിയ്ക്ക് മുടക്കം വന്നില്ല. ഇതിന്റെ ഒരു ദൃഷ്ടാന്തം ഏറ്റവും ക്രൂരനെന്ന് വിശേഷിപ്പിക്കപ്പെട്ട ഔറംഗസീബിന്റെ മൂത്ത മകൻ മുഹമ്മദ് മോത്തജമിന്റെ പേരിൽ വന്ന ഒരു കത്തിൽനിന്ന് വ്യക്തമാവുന്നു. വളരെ മോശം ഭാഷയിലെഴുതിയ ഈ കത്തിലെ പ്രസക്തഭാഗങ്ങളുടെ മലയാള പരിഭാഷ ഇങ്ങിനെയാണ്. "ഈ ദിവസം അഗ്നി പൂജകരുടെ പർവ്വമാണ്. കാഫിറുകളായ ഹിന്ദുക്കളുടെ വിശ്വാസാനുസാരണം വിക്രമാദിത്യന്റെ രാജ്യാഭിഷേകതിഥി കൂടിയായ ഈ ദിനം ഭാരതവർഷത്തിന്റെ നവവത്സരമാണ്".

ലോകത്തിലെ ഏറ്റവും പ്രാചീനമായ കാലഗണനയനുസരിച്ചുള്ള ഈ നവവത്സര ദിനത്തിൽ എല്ലാവർക്കും മംഗളാശംസകൾ നേർന്നുകൊള്ളുന്നു.


**പത്രാധിപർ**

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*- പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ. എം. രാജൻ*

## പാഠം- 12 ധർമ്മ വീരരായ ആര്യബലിദാനികളുടെ കഥ

***ചോദ്യം: നാലാമത്തെ ബലിദാനം ആരുടേയായിരുന്നു? എന്തിന്? എപ്പോൾ?***

***ഉത്തരം:*** നാലാമത്തെ ബലിദാനം ജമ്മുപ്രാന്തത്തിലെ നിവാസിയായിരുന്ന മഹാശയ് രാമചന്ദ്രന്റേതായിരുന്നു. 1923 ലായിരുന്നു ഈ സംഭവം. 'മേഘ' എന്നറിയപ്പെട്ടിരുന്ന അയിത്തജാതിക്കാരുടെ ഉന്നമനത്തിനായി ഇദ്ദേഹം വളരെ പരിശ്രമിച്ചു. തത്ഫലമായി മറ്റു പലരും ഈ പ്രവർത്തനത്തിന് മുന്നോട്ട് വന്നു. ഇത് ഏതാനും രജപുത് വിഭാഗക്കാർക്ക് ഇഷ്ടപ്പെട്ടില്ല. ലാഠികൊണ്ട് അടിച്ച് രാമചന്ദ്രനെ അവർ വധിച്ചു. 26-ാംമത്തെ വയസ്സിൽ ദളിതോദ്ധാരണത്തിനും ധർമ്മപ്രചാരണമെന്ന പവിത്രകാര്യത്തിലും ഏർപ്പെട്ടിരുന്ന രാമചന്ദ്രൻ രക്തസാക്ഷിയായി. എന്നാൽ ഈ ബലിദാനത്തിന്റെ ഫലമായി ദളിതോദ്ധാരണപ്രവർത്തനങ്ങളുടെ ആക്കംകൂടി. രാമചന്ദ്രനെ അടിച്ചുകൊന്ന രജപുത് വിഭാഗത്തിൽ പലരും ആര്യസമാജത്തിന്റെ പ്രവർത്തകരായി മാറുകയും ഇരുപതിനായിരത്തോളം 'മേഘ' വിഭാഗക്കാർ ആര്യസമാജികളായി മാറുകയും ചെയ്തു.

***ചോദ്യം: അഞ്ചാമത്തെ പ്രസിദ്ധമായ രക്തസാക്ഷിത്വം ആരുടേതായിരുന്നു? എപ്പോൾ? എങ്ങിനെ?***

***ഉത്തരം:*** 23 ഡിസംബർ 1926 ന് ഡൽഹിയിൽവെച്ച് അബ്ദുൽ റഷീദ് എന്ന മുസ്ലീം മതഭ്രാന്തന്റെ വെടിയേറ്റ് മരിച്ച പൂജ്യപാദ സ്വാമി ശ്രദ്ധാനന്ദന്റേതാണ് അഞ്ചാമത്തെ രക്തസാക്ഷിത്വം. ശുദ്ധിപ്രചാരണത്തിൽ വൻമുന്നേറ്റം നടത്തിയ സ്വാമി ശ്രദ്ധാനന്ദന്റെ പ്രവർത്തനങ്ങളിൽ മതഭ്രാന്തരായ മുസ്ലീങ്ങൾ രോഷാകുലരായി സ്വാമിജിയെ വധിക്കാൻ ഗൂഢാലോചന നടത്തി. ശുദ്ധിപ്രവർത്തനങ്ങളിൽ നിന്ന് പിൻമാറണമെന്നാവശ്യപ്പെട്ടുള്ള നിരവധി ഭീഷണികത്തുകൾ സ്വാമിജിക്ക് കിട്ടുമായിരുന്നു. വധഭീഷണി ധാരളം ഉണ്ടായിരുന്നെങ്കിലും നിർഭയനും ധർമ്മവീരനുമായിരുന്ന സ്വാമി ശ്രദ്ധാനന്ദൻ അതൊന്നും വകവെച്ചില്ല. വളരെ കാലം മുമ്പ് മുസൽമാൻമാരായിതീർന്ന ഒരു

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 – 2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

ലക്ഷത്തിലധികം മൽക്കാനെ രാജ്പുത് വിഭാഗക്കാർ സ്വാമി ശ്രദ്ധാനന്ദന്റെ പ്രവർത്തനഫലമായി ആര്യ ധർമ്മത്തിൽ (ഹിന്ദു ധർമ്മത്തിൽ) പുനഃപ്രവേശിച്ചു. 1926 മാർച്ച് 25 ന് 'അസംഗരി ബേഗം' സ്വേച്ഛാനുസാരം ശുദ്ധിക്രിയ നടത്തി ശാന്തി ദേവിയായി തീർന്നു. ഇതിൽ കുപിതരായിതീർന്ന മതാന്ധരായ മുസൽമാൻമാർ സ്വാമി ശ്രദ്ധാനന്ദനും സഹപ്രവർത്തകർക്കുമെതിരെ ബലം പ്രയോഗിച്ചുള്ള മതം മാറ്റമാണെന്നു പറഞ്ഞ് കേസ് കൊടുത്തു. കോടതി വിധി സ്വാമിജിക്ക് അനുകൂലമായി വന്നു. ഇതു മുസൽമാൻമാരെ കൂടുതൽ ക്രുദ്ധരാക്കി. 1926 ഡിസംബർ 23 ന് അബ്ദുൽ റഷീദ് എന്ന ഒരു മുസൽമാൻ സ്വാമിജിയുടെ വാസഗൃഹത്തിലെത്തി. ന്യൂമോണിയ ബാധിച്ച് ചാരുകസേരയിൽ വിശ്രമിക്കുകയായിരുന്നു സ്വാമി ശ്രദ്ധാനന്ദൻ. അദ്ദേഹത്തോട് ഇസ്ലാം വിഷയത്തേകുറിച്ച് സംസാരിക്കാൻ അബ്ദുൽറഷീദ് താത്പര്യം പ്രകടിപ്പിച്ചു. അത് അയാളുടെ ഒഴിവ് കഴിവ് വിദ്യയായിരുന്നു. അസുഖം മൂലം കൂടുതൽ സംസാരിക്കരുതെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുണ്ടെന്നും അതിനാൽ അസുഖം മാറിയാൻ ചർച്ച ചെയ്യാമെന്നും സ്വാമിജി പറഞ്ഞു. അപ്പോൾ തനിക്ക് കുടിക്കാൻ സ്വൽപ്പം വെള്ളം വേണമെന്ന് ആഗതൻ പറഞ്ഞു. വെള്ളം കുടിച്ചശേഷം അയാൾ സ്വാമിജിക്കു നേരെ നാലുപ്രാവശ്യം വെടിയുതിർത്ത് അദ്ദേഹത്തിന്റെ ജീവനപഹരിച്ചു.

(ഈ ലേഖനം പുസ്തകരൂപത്തിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതിനാൽ തുടർഭാഗങ്ങൾ ഖണ്ഡഃശയായി പ്രസദ്ധീകരിക്കുന്നത് തൽക്കാലം നിർത്തുന്നു. പുസ്തകം ആവശ്യമുള്ളവർ ആര്യസമാജം, വെള്ളിനേഴി തപാൽ, പാലക്കാട് - 679 504 എന്ന വിലാസത്തിൽ കാർഡ് അയച്ച് ബുക്ക് ചെയ്യുക. വില ഇപ്പോൾ അയക്കേണ്ടതില്ല.)

**പത്രാധിപർ**


## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ,**
**ദയാനന്ദ സന്ദേശം,**
**ആര്യസമാജം,**
**വെള്ളിനേഴി (P.O), പാലക്കാട് - 679 504.**


*മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ*
*(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്*
*ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: നചികേതസ്*

**32. കാരണം:-** ഏതാണോ ഗ്രഹിക്കേണ്ടുന്ന വല്ലകാര്യമോ വസ്തുവോ ഉണ്ടാക്കുന്നത് അഥവാ ഏതൊന്നിന്റെ പ്രവർത്തനമില്ലാതെ ഒരു വസ്തുവും ഉണ്ടാകുന്നില്ലയോ അതിനെ കാരണമെന്നു പറയുന്നു. കാരണം മൂന്നു തരമുണ്ട്.

**33. ഉപാദാന കാരണം:-** ഏതൊന്നിനെ ഗ്രഹിച്ചാൽ മാത്രമാണോ എന്തെങ്കിലും വസ്തു ഉണ്ടാവുകയോ ഉണ്ടാക്കാനാവുകയോ ചെയ്യുന്നത് അത് ഉപാദാനകാരണം മണ്ണുകൊണ്ട് കുടമുണ്ടാക്കുന്നത് പോലെ സത്വ-രജ-തമോ ഗുണങ്ങളുള്ള പ്രകൃതി ഈ സൃഷ്ടിയുടെ ഉപാദാനകാരണമാണ്.

**34. നിമിത്തകാരണം:-** ഉണ്ടാക്കുന്നവൻ അതായത് കുശവൻ കുടം നിർമ്മിക്കുന്നതുപോലെ നിമിത്തകാരണമാണ്. ഇതുപോലെ ഈശ്വരൻ ഈ സൃഷ്ടിയുടെ നിമിത്തകാരണമാണ്.

**35. സാധാരണ കാരണം:-** കുടമുണ്ടാക്കാൻ മണ്ണുകൊണ്ടുവരുന്നതിനുള്ള വസ്തുക്കൾ സാധാരണ കാരണമെന്നു പറയുന്നു. ഇത്തരത്തിൽ സൃഷ്ടിയുടെ ഉൽപ്പത്തിക്ക് ദിശ, കാലം, ആകാശം എന്നിവ സാധാരണ കാരണങ്ങളാണ്.

**36. കാര്യം:-** ഏതൊന്നാലാണൊപദാർത്ഥങ്ങൾ സംയോഗവിശേഷത്താൽ സ്ഥൂലമായിതീരുന്നത് അഥവാ ചെയ്യുവാൻ യോഗ്യമായതേതോ അതിനെ കാര്യമെന്നു പറയുന്നു.

**37. സൃഷ്ടി:-** ഏതാണോ കർത്താവിന്റെ രചന മൂലം ദ്രവ്യം തുടങ്ങിയവയുടെ സംയോഗത്താൽ അനേക പ്രകാരത്തിലുള്ള കാര്യരൂപമായി വർത്തമാനകാലത്തിൽ വ്യവഹാരയോഗ്യമാവുന്നത് അതിനെ സൃഷ്ടി എന്നു പറയുന്നു. ഈ സൃഷ്ടിപരമേശ്വരന്റെ കർതൃത്വം മൂലമാണ്. സൃഷ്ടിയുടെ കാരണം സത്വ-രജ-തമോ ഗുണത്തോടുകൂടിയ പ്രകൃതിയാണ്. വിവിധരൂപത്തിലുള്ള സൃഷ്ടി അവയിൽനിന്നാണ് ഉണ്ടാകുന്നത്. പ്രളയാവസരത്തിൽ സമസ്തസൃഷ്ടിയുടേയും നാശം സംഭവിക്കുന്നു. പ്രളയാവസാനം വീണ്ടും പുതിയ സൃഷ്ടി ആരംഭിക്കുന്നു. ഇപ്പോഴത്തെ സൃഷ്ടിയുടെ ആയുസ്സ് 197, 29, 49, 115 വർഷമാണ്. (2015 ഫെബ്രുവരി മാസമനുസരിച്ച്)

*ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)*
*സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.*

www.aryavaidyasala.com

Kottakkal
ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
THE ARYA VAIDYA SALA KOTTAKAL
ESTD 1902
കോട്ടയ്ക്കൽ–676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

Our Branch Clinics across the country

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





**38. ജാതി:–** ജനനം മുതൽ മരണം വരെയുള്ളതും അനേകം വ്യക്തികൾക്ക് ഒരേ പോലെ കിട്ടിയതും ഈശ്വരകൃതവുമായതിനെ അതായത് മനുഷ്യൻ, പശു, കുതിര, വൃക്ഷങ്ങൾ തുടങ്ങിയ സമൂഹങ്ങളെ ജാതി എന്നതുകൊണ്ട് മനസ്സിലാക്കണം. മുടി വെട്ടുന്നവർ, അലക്കുകാർ, കുടം ഉണ്ടാക്കുന്നവർ എന്നിവർക്ക് ജാതി എന്നുപറയില്ല. അവരവർ ചെയ്യുന്ന ജോലികൾക്കനുസൃതമായി അവരുടെ പേരുവരും എന്നു മാത്രം.

**39. മനുഷ്യൻ:–** ചിന്തിക്കാതെ ഒരു കാര്യവും ചെയ്യാത്തവനാണ് മനുഷ്യൻ. യാസ്ക മുനി പറയുന്നു. "മത്വാകർമ്മാണി സിവ്യതി" അതായത് മനനപൂർവ്വം കർമ്മം ചെയ്യുന്നവൻ എന്നർത്ഥം. സ്വാർത്ഥലാഭത്തിനായി ചിന്തിക്കാതെ മറ്റുള്ളവർക്ക് ഹാനിമാത്രം ചെയ്യുന്നവനെ പശുക്കളേക്കാളും മോശമായവനായാണ് മഹർഷി പറയുന്നത്.

(തുടരും)

**ദയാനന്ദ സന്ദേശം:** ഉടമസ്ഥതയും വിശദാംശങ്ങളെയും സംബന്ധിച്ചുള്ള സ്ഥിതി വിവരം (1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമപ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി. നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്.

**ഫോറം IV**

| | | | |
|---|---|---|---|
| 1. | പ്രസിദ്ധീകരിക്കുന്ന സ്ഥലം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 2. | പ്രസിദ്ധീകരണ സ്വഭാവം | - | മാസിക |
| 3. | അച്ചടിക്കുന്ന ആളിന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 4. | പ്രസാധകന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 5. | പത്രാധിപരുടെ പേര് | - | കെ.എം. രാജൻ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |

6. പത്രത്തിന്റെ ഉടമസ്ഥതിയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരും മേൽവിലാസം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചു കൊള്ളുന്നു.

സ്ഥലം: **വെള്ളിനേഴി** ഒപ്പ്
തിയ്യതി: **10. 03. 2015** കെ.എം. രാജൻ, പ്രസാധകൻ

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരല്ലശ്യാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 2



"ഇല്ലില്ല, അസുഖന്നൂല്ല്യ ഇപ്പോൾ" പാച്ചൻ വിശദീകരണമാരംഭിച്ചു. "ഇല്ലത്ത് ഭാഗം കഴിഞ്ഞു. ഞാനൊറ്റക്കാ"

"ന്നട്ട്?" വാരിയർ സാകൂതം പാച്ചന്റെ കണ്ണുകളിൽ പരതിനോക്കി.

"ന്നട്ടൊന്നൂല്ല്യ" പാച്ചൻ നിസ്സഹായനായി തുടർന്നു. "ഒരമ്പത് രൂപ കിട്ടി അത്രതന്നെ"

"എന്ത് ! അവകാശം വിട്ടുകൊടുത്തോ?" വാരിയർ അത്ഭുതപ്പെട്ടു. "ഉവ്വ്. അറുപത് പാട്ടത്തിന്റെ കൈവശമില്ലാത്ത കണ്ടഭൂമിയും ഭാഗപത്രത്തിലെഴുതിവെച്ചിട്ടുണ്ട്." പാച്ചൻ ചെറുതായൊന്ന് ചിരിക്കാൻ ശ്രമിച്ചു.

"എന്ത്! വിഡ്ഢിത്തമാണ് കാണിച്ചത്." വാരിയർ മൂക്കത്ത് വിരൽവെച്ചു. ആരോടെന്നില്ലാതെ ശൂന്യതയിൽ നോക്കി സ്വൽപ്പമാലോചിച്ചശേഷം സഗൗരവം ചോദ്യം തുടർന്നു. "അല്ലാ എന്തു പരിപാടിയും കൊണ്ടാ ഇറങ്ങിയിരിക്കുന്നത് തിരുമേനി?"

പാച്ചൻ ബോംബെ യാത്രാപരിപാടി പറഞ്ഞുകേൾപ്പിച്ചു. രഘുവിന്റെ അഡ്രസ്സിനാണ് താൻ വന്നിരിക്കുന്നതെന്നും അറിയിച്ചു. വാരിയർ അകത്തുപോയി അലമാറി തുറന്ന് ഡയറിയെടുത്ത് മറിച്ചു നോക്കി ഒരു കടലാസിൽ അഡ്രസ്സ് വ്യക്തമായി കുറിച്ചുകൊടുത്തു.

"മദിരാശിക്കു പോകേണ്ട. ആർക്കോണം ജംഗ്ഷനിൽ നിന്ന് മാറണം. ബോംബെയിൽ മാട്ടുംഗ എന്നൊരു സ്റ്റേഷനുണ്ട്. അവിടെ ഇറങ്ങുകയാണ് നല്ലത്. ഭാഷ അറിയാത്തോരല്ലേ? ബുദ്ധിമുട്ടും അവിടെ മലയാളികളും തമിഴരുമാണ് ഭൂരിഭാഗം. അവിടെ ഇറങ്ങി അന്വേഷിച്ചാൽ രഘുവിനെ കണ്ടുപിടിക്കാം." അദ്ദേഹം യാത്രാമാർഗ്ഗത്തിന് എളുപ്പം കൂട്ടി.

മണി എട്ടായെന്ന് ക്ലോക്ക് മുട്ടിയറിയിച്ചു. "ഓ, മണി എട്ടായി. സമയം പോയതറിഞ്ഞില്ല്യ. തിരുമേനിക്കു കുളിക്കണ്ടെ." വാരിയരന്വേഷിച്ചു.

ഗൃഹനായിക എണ്ണയും സോപ്പും കൊണ്ടുവന്നു. വാരിയർ അതും റാന്തലുമായി മുന്നിലും തിരുമേനി പിന്നിലും നടന്നു.

"കഷ്ടം!...... അടിയും തളിയുമില്ലാതെ, അടിമൂടത്തക്കവണ്ണം പുല്ലും അതിൻമീതെ

**Om Krinvantho Vishwamaaryam (Rigveda 9.63.5)**
**Make this world Enlightened.**





കാറ്റത്ത് വന്നടിഞ്ഞുകിടക്കുന്ന ചപ്പുചവറുകളുമുള്ള ഈ ക്ഷേത്രപരിസരം അന്നത്തേതാണോ! ആന നിന്നാൽ അപ്പുറത്തേക്കു കാണാത്ത, കുത്തിയാൽ കൊമ്പു പൊട്ടിപ്പോകുമെന്നല്ലാതെ ഒന്നു വീഴാനനുവദിക്കാത്ത മതിൽക്കെട്ടുകൾ അവിടവിടെ പല്ലുകൊഴിഞ്ഞ വൃദ്ധരെന്നപോലെ തങ്ങളുടെ പരാധീനത ഇളിച്ചു തെളിച്ചുകാട്ടി പറയുന്ന ഈ സ്ഥലമേതാണ്? നാലമ്പലത്തിന്റെ ദക്ഷിണോത്തര ദിശകളിൽ നിന്ന് തങ്ങളുടെ സമ്പൽസമൃദ്ധമായ കഴിഞ്ഞകാലത്തെ അയവിറക്കികൊണ്ട് വിശപ്പടക്കുന്ന ഈ അഗ്രശാലകളിലാണോ അന്ന് 400 ൽ പരം പേർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചിരുന്നത്? ചെമ്പുതകിടുകളടിച്ച വെള്ളി പൂശിയ വൈകുണ്ഠത്തെ വെല്ലുവിളിക്കുന്ന നാലമ്പലം അങ്ങിങ്ങായി ഓട്ടപ്പെട്ട് ചോർന്നൊലിച്ച് ചായം പോയി പാണ്ഡുരോഗിയെപ്പോലെ ചികിത്സിക്കാനാളില്ലാതെ ദയനീയതയുടെ ലോകമായി നിൽക്കുന്നതുകണ്ടാൽ അറിയാതെ മൂക്കത്ത് വിരൽ താനെ വന്നുപോകും. കാലത്തിന്റെ ഉരുക്കുമുഷ്ടിയിൽ തകരാത്തതെന്തുണ്ടിവിടെ? ഏതു മുഹമ്മദലിയും (അമേരിക്കൻ ബോക്സിംഗ് രാജാവ്) ഗാമയും (ഗുസ്തിയിൽ ലോകചക്രവർത്തി) രാമമൂർത്തിയും അതിന്റെ മുന്നിൽ വീണതു തന്നെ.

ആനപ്പുറത്തിരുന്നു കുടപിടിച്ചാൽ മോന്തായത്തിൽ തടയരുതെന്നുകരുതി പണിയിച്ച മാനം മുട്ടുന്ന ആനക്കൊട്ടിൽ, ഗോപുരം മുതലായവയും നട്ടെല്ലുമൊന്നായി വടികുത്തി വളഞ്ഞൊടിഞ്ഞ് പിച്ചപ്പാളനീട്ടി നിൽക്കുന്നതു കാണുമ്പോൾ കാലത്തിന്റെ ക്രൂര നിസ്സംഗതയെ ശപിക്കാതിരിക്കാനാവുന്നില്ല.

(തുടരും)


**ദയാനന്ദ സന്ദേശം വൈദിക മാസിക**



സത്യ - സനാതന - വൈദികധർമ്മ സന്ദേശം!
അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ
വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് - 679 504**
**Email: dayanandasandesam@gmail.com**
ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)
എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



***ചോദ്യം:*** ***അതായത് നമ്മൾ ഭാവിയിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ പോകുന്നത് എന്ന്?***

**ഉത്തരം:** നമ്മൾ എന്തെങ്കിലും കാര്യം ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും ഈശ്വരന് അതിനെ പറ്റി അറിയാം. സർവ്വവ്യാപിയായ അദ്ദേഹം എല്ലാവരുടേയും ഭാവത്തെ അറിയുന്നു. നമ്മൾ ഒന്നും നിശ്ചയിച്ചിട്ടില്ലെങ്കിൽ ഈശ്വരനും അതിനെപറ്റി അറിയുന്നില്ല. കാരണം ഈശ്വരൻ എപ്പോഴും വർത്തമാനത്തിൽ വസിക്കുന്നവനാണ്. ഭാവിയെപ്പറ്റി നമ്മൾ എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഈശ്വരന് അറിയാം. നമ്മൾ ഒന്നും നിശ്ചയിച്ചിട്ടില്ലെങ്കിൽ ഈശ്വരന് അറിയുകയുമില്ല. ജീവാത്മാവിന്റെ കർമ്മങ്ങളോടുകൂടി പറയുമ്പോഴാണ് ഈശ്വരൻ ത്രികാലജ്ഞാനിയാവുന്നത്. അല്ലാതെ ഒറ്റക്കല്ല.

***ചോദ്യം 29: അങ്ങിനെയെങ്കിൽ ഈശ്വരൻ അജ്ഞാനിയാണ്. ഇതെങ്ങിനെയാണ് സാദ്ധ്യമാവുക?***

***ഉത്തരം:*** ഈശ്വരൻ സർവ്വജ്ഞനാണ്. ജീവാത്മാവ് അൽപ്പജ്ഞനുമാണ്. ഈശ്വരൻ അനന്തനും സീമാതീതനുമാണ്. ജീവാത്മാക്കൾക്ക് സൃഷ്ടിരചനയുടെ ജ്ഞാനം കൈവശമുണ്ടോ? ചന്ദ്രൻ, സൂര്യൻ, താരങ്ങൾ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ തുടങ്ങിയവയെല്ലാം ഈ ബ്രഹ്മാണ്ഡത്തിൽ എത്രയുണ്ട്? ഇതിനെയെല്ലാം ആര് നയിക്കുന്നു? ദിനരാത്രങ്ങളെ ആരുണ്ടാക്കുന്നു. ബഹിരാകശത്തും എത്രയോ ഭാരമുള്ള വസ്തുക്കളുണ്ട്. ഇവയെല്ലാം ആരുടെ സഹായത്തോടെ നിലനിൽക്കുന്നു എന്ന് അറിയാമോ? ഭൂമി, ജലം, അഗ്നി, വായു, ആകാശം തുടങ്ങിയവയെ ആര് സൃഷ്ടിച്ചു? സൃഷ്ടി, സ്ഥിതി, സംഹാരം ഇവയെല്ലാം ആരു ചെയ്യുന്നു. ഈ പറഞ്ഞതിന്റെയെല്ലാം അർത്ഥം - ഈശ്വരൻ പരിപൂർണ്ണജ്ഞാനത്തോടുകൂടി മറ്റാരുടേയും സഹായമില്ലാതെ ഇതെല്ലാം ചെയ്യുന്നു. അദ്ദേഹം സർവ്വശക്തിമാനും സർവ്വജ്ഞനുമാണ്. ജീവാത്മാവ് ദുർബ്ബലനും അൽപ്പജ്ഞനുമാണ്. അതിന്റെ ഉന്നതിക്ക് വേദജ്ഞാനം അത്യാവശ്യമാണ്. അത് നൽകുവാൻ പരമാത്മാവിനുമാത്രമേ സാധിക്കുകയുള്ളു. കാരണം വേദം എന്ന അമൃത് പ്രവഹിപ്പിക്കുന്നത് ഈശ്വരൻ മാത്രമാണ്.

ഈശ്വരൻ തന്റെ കർമ്മങ്ങളെകുറിച്ചെല്ലാം അറിയുന്നവനാണ്. അദ്ദേഹം ജീവാത്മാവിന്റെ ഓരോ പ്രവൃത്തിയേയും അറിയുന്നവനാണ്. എന്നാൽ ജീവാത്മാക്കൾ കർമ്മം ചെയ്യുന്നതിൽ പൂർണ്ണസ്വതന്ത്രരായതിനാൽ അദ്ദേഹം ജീവാത്മാക്കളുടെ ഒരു കർമ്മത്തേയും തടയുന്നില്ല. ഓരോ ദുഷ്കർമ്മങ്ങൾ ചെയ്യുന്നതിനു മുമ്പും തീർച്ചയായും സൂചനകൾ നൽകുന്നുണ്ട്. എന്നാൽ ദുഷ്കർമ്മങ്ങൾ ചെയ്ത് ശീലമായ ജീവാത്മാക്കൾ ഇത് ശ്രദ്ധിക്കുന്നില്ല. ദുഷ്കർമ്മങ്ങൾ ചെയ്തതിനുശേഷം പശ്ചാത്തപിക്കുകയും ഈശ്വരന്റെ കൃപയ്ക്കുവേണ്ടി ആഗ്രഹിക്കുകയും ചെയ്യുന്നു.

*(തുടരും)*

**ഓം ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)**
**ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ**







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 2 ബാലശിക്ഷണം

**ചോദ്യം 1: അധ്യാപകർ എത്ര തരമുണ്ട്? അവ ആരെല്ലാമാണ്?**

**ഉത്തരം:** അധ്യാപകർ 3 തരമുണ്ട്. 1. മാതാവ്, 2. പിതാവ്, 3. ഗുരു

**ചോദ്യം2 : മാതാവാണ് ഉത്തമാധ്യാപിക എന്നു പറയുന്നതെന്തുകൊണ്ട്?**

**ഉത്തരം:** മക്കളോട് സ്നേഹവും ശുഭകാക്ഷയും ഏറ്റവും കൂടുതൽ ഉണ്ടാകുന്നത് അമ്മമാർക്കാണ്. അതിനാൽ അമ്മയാണ് ഏറ്റവും ഉത്തമയായ ഗുരു എന്നു പറയുന്നു.

**ചോദ്യം3 : മക്കളോട് അമ്മക്കുള്ള കർത്തവ്യങ്ങളേവ?**

**ഉത്തരം:**
1. ശുദ്ധമായ ഉച്ചാരണം ചെയ്യാൻ പഠിപ്പിക്കുക?
2. മക്കളിൽ ഉത്തമഗുണങ്ങൾ വളർത്തുക
3. മുതിർന്നവരോടും ചെറിയവരോടും പെരുമാറേണ്ടത് എങ്ങിനെ എന്ന് പഠിപ്പിക്കുക.
4. ധർമ്മശിക്ഷണം നൽകുക

**ചോദ്യം 4: യഥാർത്ഥത്തിൽ ഭൂത-പ്രേതങ്ങൾ ഉണ്ടോ?**

**ഉത്തരം:** ഇല്ല. ഭൂത-പ്രേതങ്ങളൊന്നുമില്ല. അവയിൽ വിശ്വസിക്കുന്നത് അന്ധവിശ്വാസമാണ്.

**ചോദ്യം 5: ലോകത്തിൽ വളരെയധികം പേർ ഭൂത-പ്രേതാദികളിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?**

**ഉത്തരം:** അവിദ്യ, കുസംസ്കാരം, ഭയം, ആശങ്ക, മാനസികരോഗം, കപടൻമാരുടെ പ്രചാരണമെന്നിവയാലാണ് ജനങ്ങൾ ഭൂത-പ്രേതങ്ങളിൽ വിശ്വസിച്ചുപോവുന്നത്.

(തുടരും)

***ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

മഹർഷി ദയാനന്ദ സരസ്വതി
തർജ്ജമ: കെ.എം. രാജൻ

## അഞ്ചാം പ്രഭാഷണം (വേദവിഷയം)




**വേ**ദമന്ത്രങ്ങളുടെ ശരിയായ വിനിയോഗം അതുപയോഗിച്ച് ബുദ്ധിയേ വർദ്ധിപ്പിക്കുക, വികസിപ്പിക്കുക, ബുദ്ധിസാമർത്ഥ്യത്തെ വളർത്തിയെടുക്കക എന്നിവയാണ്. ഈ കഴിവ് പണ്ടുകാലത്തെ ആര്യൻമാർക്കുണ്ടായിരുന്നു. ഒരേ മന്ത്രം തന്നെ ആവർത്തിച്ച് ചൊല്ലി ഇരിക്കുകയായിരുന്നില്ലാ അവർ ചെയ്തിരുന്നത്. അവർ അനേകം മന്ത്രങ്ങളുടെ അർത്ഥം അറിഞ്ഞ് അവയിൽ ശ്രദ്ധവെച്ച് അവയിൽ പറയുന്ന അറിവുകൾ പ്രായോഗിക ജീവിതത്തിൽ പ്രാവർത്തികമാക്കുകയായിരുന്നു. അത്തരത്തിൽ വരുണാസ്ത്രം, ആഗ്നേയാസ്ത്രം മുതലായ ആയുധങ്ങൾ അവർ വികസിപ്പിച്ചെടുത്തു. ഏതുതരത്തിലുമുള്ള മുറിവുകളും ഉണക്കുന്നതിനുപയോഗിക്കുന്ന 'വിശല്ല്യോഷധി' എന്ന ഒരു മരുന്ന് അവർക്കറിയാമായിരുന്നു. ബംഗാളിൽ ആര്യന്മാരുടെ ഔഷധവിജ്ഞാനത്തെക്കുറിച്ച് കളിയാക്കി പറയുന്നുണ്ട്. എന്നാൽ ഡോ. മഹേന്ദ്രനാഥ് സർക്കാർ പോലുള്ള ഭിഷഗ്വരൻമാർ ചരകസംഹിത, സുശ്രുതസംഹിത തുടങ്ങിയ ആയുർവ്വേദഗ്രന്ഥങ്ങൾ ഉയർത്തികൊണ്ടുവന്ന് ജനങ്ങളുടെ തെറ്റിദ്ധാരണകൾ മാറ്റിയെടുത്തു. പ്രാചീനആര്യഗ്രന്ഥങ്ങളുടെ പുനരുജ്ജീവനത്തിന് മഹേന്ദ്രനാഥ് ധനസമാഹരണം നടത്തുവാൻ ശ്രമിക്കുകയുണ്ടായി. ഇത് പ്രശംസനീയമാണ്. പദാർത്ഥവിദ്യയേകുറിച്ച് വേദങ്ങളിൽ നന്നായി പറയുന്നുണ്ട്.

അഗ്നിവായു രവി ഭ്യസ്തു ത്രയം ബ്രഹ്മ സനാതനമ് |
ദുദോഹ യജ്ഞസിദ്ധ്യാർത്ഥമൃഗ്യജുഃ സാമലക്ഷണമ് ||

(മനുസ്മൃതി 1.23)

വേദാദ്ധ്യയനത്തിന്റെ പ്രധാന പ്രയോജനം സൃഷ്ടിപദാർത്ഥങ്ങളെ വിവേചിച്ചറിയാനുള്ള കഴിവും ഈശ്വരസാക്ഷാത്ക്കാരം നേടലുമാണ്. ഇന്നത്തെ പണ്ഡിതൻ പറയുന്നത് ബ്രഹ്മാവാണ് വേദങ്ങൾ നിർമ്മിച്ചതെന്നും വ്യാസൻ അതിനെ നാലുഭാഗങ്ങൾ അഥവാ സംഹിതകളാക്കി മാറ്റി എന്നുമാണ്. ഇത് തെറ്റാണ്. മനുമഹർഷി വ്യക്തമായി പറയുന്നുണ്ട് ബ്രഹ്മാവ് ചതുർവ്വേദങ്ങൾ പഠിച്ചത് അഗ്നി, വായു, ആദിത്യൻ, അംഗീരസ് എന്നീ നാലു ഋഷിമാരിൽ നിന്നാണ് എന്നും തുടർന്നദ്ദേഹം മറ്റുള്ളവർക്കത് പകർന്നു നൽകി എന്നുമാണ്. ബ്രഹ്മാവിന് ചതുർമുഖനെന്ന ഒരു പേരുണ്ട്. ഇതിനർത്ഥം അദ്ദേഹത്തിന് നാലുമുഖങ്ങൾ ഉണ്ടായിരുന്നു എന്നല്ല. യഥാർത്ഥത്തിൽ അദ്ദേഹത്തിന് നാലുമുഖങ്ങൾ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം എത്രമാത്രം കഷ്ടപ്പെട്ടിട്ടുണ്ടാകുമെന്ന് ഓർത്തു നോക്കുക. എങ്ങിനെയായിരിക്കും അദ്ദേഹം ഉറങ്ങുക! എന്നാൽ അങ്ങിനെയല്ലിത്.

*(തുടരും)*

***നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)***
***വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.***






(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

നചികേതസ്



**ഇ**വിടത്തെ തിരക്ക് നിയന്ത്രക്കാൻ പോലീസുകാർ വളരെ കഷ്ടപ്പെടുന്നു. പലർക്കും തിരക്കിനിടയിൽപെട്ട് അപകടം പറ്റാറുണ്ട്. കുട്ടികളെകാണാതാവാറുണ്ട് കള്ളൻമാരുടേയും പോക്കറ്റടിക്കാരുടേയും വിഹാരസമയം കൂടിയാണിത്. പെൺകുട്ടികളെ പീഡിപ്പിക്കാനും തട്ടിക്കൊണ്ടുപോകാനുമുള്ള ശ്രമങ്ങളും ഇക്കാലത്ത് നടക്കാറുണ്ട്. ഈ ദുർദശകണ്ട് സ്വാമിജി ചിന്താധീനനായി. "എന്തൊരു അന്ധവിശ്വാസമാണിത്. ഒരു പ്രത്യേക നദിയിലെ പ്രത്യേക സ്നാനഘട്ടത്തിൽ ഒരു പ്രത്യേക ദിവസം സ്നാനം നടത്തിയാൽ സർവ്വപാപവും തീരുമെന്നത് ശുദ്ധ വിഡ്ഢിത്തമല്ലാതെ മറ്റെന്താണ്? വേദാദിശാസ്ത്രങ്ങൾക്ക് വിരുദ്ധമായ അനാചാരമാണിത്".

ഹരിദ്വാറിൽ നിന്ന് യാത്രികർ ഋഷികേശിലേക്ക് പോകുന്നു. അവിടെ സന്യാസിമാരുടെ വലിയ ഒരു സങ്കേതമാണ്. ഹരിദ്വാറിനും ഋഷികേശിനുമിടക്ക് ഒരു കുടിൽ കെട്ടി സ്വാമി ദയാനന്ദൻ ഇരിപ്പായി. കുടിലിനുമുന്നിലായി 'അനാചാരഖണ്ഡനം' (പാഖണ്ഡ ഖണ്ഡിനി) എന്നെഴുതി വെച്ച ഒരു കാവി പതാകയും സ്ഥാപിച്ചു. വിചിത്രമായ ഈ ആശ്രമം കണ്ട് മേളയിൽ പങ്കെടുക്കാൻ വന്ന പലരും സ്വാമിജിയുമായി സംഭാഷണങ്ങളിലേർപ്പെട്ടു. പണ്ഡിതന്മാർ സ്വാമിജിയുടെ വൈദിക സിദ്ധാന്തങ്ങളിലും പ്രമാണങ്ങളിലും അടിയുറച്ച വാദങ്ങൾക്ക് മുന്നിൽ തോറ്റു തുന്നംപാടി. ഇത് സ്വാമിജിക്കുനേരെ വിരോധഭാവം ഉണ്ടാക്കി. ഹരിദ്വാറിലെ സ്നാനഘട്ടത്തിൽ മുങ്ങിയതുകൊണ്ട് ആർക്കും മുക്തി ലഭിക്കുകയില്ലെന്നും വൈദികധർമ്മം അനുശാസിക്കുന്ന ഈശ്വരോപസാനയിലൂടെ മാത്രമേ മോക്ഷം ലഭിക്കൂ എന്നും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. തനിക്കും മറ്റുള്ളവർക്കും ശ്രേയസ്കരമായ കർമ്മങ്ങളനുഷ്ഠിച്ച് സാത്വികജീവിതം നയിച്ചാലേ ജ്ഞാനലബ്ധി ഉണ്ടാവൂ എന്ന് അദ്ദേഹം ഉപദേശിച്ചു. സൃഷ്ടിനിയമങ്ങൾക്കും വേദാദിശാസ്ത്രങ്ങൾക്കും വിരുദ്ധമായ ഭാഗങ്ങളുൾക്കൊള്ളുന്ന ഭാഗവതഗ്രന്ഥത്തിനെതിരായ 100 കണക്കിനു ലഘുലേഖകൾ അദ്ദേഹം വിതരണം ചെയ്തു. പണവും ഭക്ഷണസാധനങ്ങളുമായി പലരും സ്വാമിജിക്ക് ദക്ഷിണയർപ്പിച്ചു. അതെല്ലാം അദ്ദേഹം ദരിദ്രർക്ക് നൽകി. വാമമാർഗ്ഗികളും ജൈനികളും കപടസന്യാസിമാരും അദ്ദേഹത്തിനടുത്തുപോലും വരാൻ ധൈര്യപെട്ടില്ല. സ്വാമിജിയെകുറിച്ച് അപവാദങ്ങൾ പറഞ്ഞു പരത്താൻ അവർ പരമാവധി ശ്രമിച്ചു.

ഈ പ്രവർത്തനങ്ങൾ കണ്ട് സ്വാമിജിക്ക് വളരെ നിരാശ തോന്നി. വേദപ്രചാരപ്രവർത്തനം വളരെ കഠിനമാണ്. എന്നദ്ദേഹത്തിന് ബോധ്യമായി തന്റെ പുസ്തകങ്ങളെല്ലാം ജനങ്ങൾക്ക് വിതരണം ചെയ്ത് മൗനവ്രതവും യോഗാഭ്യാസവും ആരംഭിച്ചു.

*(തുടരും)*

***മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)***
***ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ***